മത്സ്യഫെഡ്

**കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ക്ലിപ്തം**
**നം. എഫ് (റ്റി) 738 (മത്സ്യഫെഡ്)**
കമലേശ്വരം, മണക്കാട് പി.ഒ., തിരുവനന്തപുരം - 695009
ഫോൺ: 0471-2458606, 2457756, 2457172 ഫാക്സ്: 0471-2457752
വെബ്സൈറ്റ്: www.matsyafed.in ഇമെയിൽ: matsyafed@matsyafed.in mdmfed@gmail.com

നം. മത്സ്യഫെഡ്/SV/3420/2000 തീയതി : 22 /11/2024

## റീ- ക്വട്ടേഷൻ നോട്ടീസ്

മത്സ്യഫെഡ് കേന്ദ്ര ഓഫീസിലെ ഔദ്യോഗിക യാത്ര ആവശ്യങ്ങൾക്കായി Toyota Innova Crysta (2021 മുതലുള്ള മോഡൽ) എന്ന വാഹനം ത്രൈമാസം 4500 കി.മീറ്റർ ഓടുന്ന (Carry forwarded) വ്യവസ്ഥയിൽ **ഒരു വർഷത്തേക്ക് ഡ്രൈവർ/ഫ്യുവൽ ചാർജ്ജും ഉൾപ്പെടുത്താതെ വാടകയ്ക്ക് ലഭ്യമാക്കുന്നതിന്** വ്യക്തികൾ/അംഗീകൃത സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ചുവടെപ്പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തിയ റി - ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

1) രജിസ്ട്രേഷൻ നമ്പർ : ------------
2) മോഡൽ / വർഷം : ----------------
3) ആകെ ഓടിയ കി.മീറ്റർ : ------------------
4) 4500 കി.മീ വരെയുള്ള ദൂരത്തിനുള്ള ത്രൈമാസ വാടക
   നിരക്ക്(ജി.എസ്.ടി ഉൾപ്പെടെ): ----------------
5) 4500 കിലോമീറ്ററിന്
   മുകളിൽ ഓടുന്നതിന് ഒരു കിലോമീറ്ററിലുള്ള നിരക്ക് : ------------------

ആർ. സി ബുക്ക്, ഇൻഷുറൻസ്, ടാക്സ്, പൊല്യൂഷൻ സർട്ടിഫിക്കറ്റ് തുടങ്ങിയവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ക്വട്ടേഷനൊപ്പം നിർബന്ധമായി സമർപ്പിക്കേണ്ടതാണ്.

റി - ക്വട്ടേഷനുകൾ പ്രത്യേകം മുദ്ര വച്ച കവറുകളിൽ മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്, തിരുവനന്തപുരം എന്ന വിലാസത്തിൽ 11/12/2024 തീയതി ഉച്ചയ്ക്ക് 2 മണി വരെ സ്വീകരിക്കുന്നതും 3 മണിക്ക് അപ്പോൾ ഹാജരായിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. വാഹനം രജിസ്ട്രർ ചെയ്ത വർഷം, വാഹനം ഇതുവരെ ഓടിയിട്ടുള്ള കിലോ മീറ്റർ, ക്വാട്ട് ചെയ്തിരിക്കുന്ന തുക എന്നിവയുടെ അടിസ്ഥാനത്തിൽ റി- ക്വട്ടേഷൻ ഉറപ്പിക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം റി- ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും. നിശ്ചിത സമയം കഴിഞ്ഞും നിയമാനുസൃതമല്ലാതെയും ലഭിക്കുന്ന റി- ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

റി- ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും, യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനുമുള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും. കൂടുതൽ വിവരങ്ങൾ ഓഫീസ് പ്രവൃത്തി സമയങ്ങളിൽ 0471 - 2458606, 2457756 എന്നീ നമ്പരുകളിൽ നിന്ന് ലഭ്യമാവുന്നതാണ്.

മാനേജിംഗ് ഡയറക്ടർ

പകർപ്പ് :

1. നോട്ടീസ് ബോർഡ് - മത്സ്യഫെഡ് കേന്ദ്ര ഓഫീസ്
2. മത്സ്യഫെഡ് വെബ്സൈറ്റ്
3. മത്സ്യഫെഡ് നെറ്റ് ഫാക്ടറി നോട്ടീസ് ബോർഡ്
4. ഡയറക്ട്രേറ്റ് ഓഫ് ഫിഷറീസ്, നോട്ടീസ് ബോർഡ്
5. മത്സ്യ ഭവൻ നോട്ടീസ് ബോർഡ്
6. എച്ച്. ഇ. ഡി നോട്ടീസ് ബോർഡ്

# നിബന്ധനകൾ

1. കരാറടിസ്ഥാനത്തിൽ ലഭ്യമാക്കുന്ന വാഹനം മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നതായിരിക്കണം.
2. വാഹനം 2021 - ലോ അതിനു ശേഷമോ രജിസ്റ്റർ ചെയ്തതായിരിക്കണം. ആയതിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷുറൻസ്, എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കേണ്ടതും, ഇവയുടെ ഒറിജിനൽ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.
3. വാഹനം മത്സ്യഫെഡ് ജീവനക്കാരുടെയോ, ജീവനക്കാരുടെ ബന്ധുക്കളുടെയോ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാവാൻ പാടുള്ളതല്ല.
4. വാഹനത്തിന്റെ ഉടമസ്ഥാവകാശം സ്ഥാപനത്തിന്റെയോ/വ്യക്തിയുടെയോ പേരിൽ ആണെന്ന് കാണിക്കുന്ന രേഖകൾ അല്ലെങ്കിൽ ടി വാഹനം ഒരു വർഷത്തേക്ക് ഉപയോഗിക്കുന്നതിന് വാഹനത്തിന്റെ ഉടമയും സ്ഥാപനം/വ്യക്തിയുമായി ഏർപ്പെട്ടിട്ടുള്ള കരാറിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.
5. വാഹനം മത്സ്യഫെഡ് കേന്ദ്ര ഓഫീസ് പ്രവർത്തനങ്ങൾക്കായി ആഴ്ച്ചയിൽ 7 ദിവസവും 24 മണിക്കൂറും ലഭ്യമാക്കണം (24 X 7).
6. കേന്ദ്ര / സംസ്ഥാന സർക്കാരുകളിൽ ഒടുക്കേണ്ട നികുതികൾ ഉൾപ്പെടെയുള്ള നിരക്കാണ് ദർഘാസിൽ രേഖപ്പെടുത്തേണ്ടത്.
7. വാഹനത്തിന് കേരളത്തിൽ പൂർണ്ണമായി ഉപയോഗിക്കുന്നതിനുള്ള പെർമിറ്റ് ഉണ്ടായിരിക്കേണ്ടതാണ്.
8. കരാറിലേർപ്പെടുന്ന വ്യക്തി/സ്ഥാപനവുമായിട്ടുള്ള ഉടമ്പടി ഉറപ്പിക്കുന്നതിനുള്ള പൂർണ്ണ അധികാരം മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.
9. സാങ്കേതിക മികവും മോഡൽ വർഷവും ക്വട്ടേഷൻ തുകയും എന്നിവ പരിശോധിച്ച് കരാർ ഉറപ്പിക്കുന്നതിനുള്ള അധികാരം മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടറിൽ നിഷിപ്തമായിരിക്കും.
10. കരാർ കാലയളവിൽ മുൻകൂട്ടി പ്രവചിക്കാനാവാത്ത പ്രത്യേക സാഹചര്യം (പ്രളയം, തടയാനാവാത്ത പകർച്ചവ്യാധി, പ്രകൃതി ദുരന്തങ്ങൾ, യുദ്ധം തുടങ്ങിയവ) ഉണ്ടാകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ കരാറിൽ പരമാർശിച്ചിട്ടുള്ള സേവനം തടസ്സപ്പെടുന്ന സാഹചര്യത്തിൽ കരാറിൽ ഏർപ്പെടുന്ന ഇരുകക്ഷികൾക്കും ആയതിന്മേലുണ്ടാകുന്ന കഷ്ട നഷ്ടത്തിന്മേൽ അവകാശവാദം ഉന്നയിക്കാൻ സാധിക്കുന്നതല്ല. മേൽ അനിഷ്ട സാഹചര്യം മാറുന്ന മുറയ്ക്ക് കരാർ തുടരുന്നതിന്മേലുള്ള അന്തിമ തീരുമാനം പൂർണ്ണമായും മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

11. അറ്റകുറ്റ പണികൾ, ഇൻഷുറൻസ്, സർവ്വീസ് ടാക്സ്, പുക പരിശോധന ചിലവ്, നികുതികൾ തുടങ്ങിയ എല്ലാ ചിലവുകളും പൂർണ്ണമായും കരാർ ലഭിക്കുന്ന വ്യക്തിയുടെ അല്ലെങ്കിൽ കരാർ പ്രകാരം വാഹനം നൽകുന്ന സ്ഥാപനത്തിന്റെ ഉത്തരവാദിത്തമായിരിക്കും. ഡ്രൈവറെ നിയമിക്കുന്നതും, വാഹനത്തിൽ ഇന്ധനം ലഭ്യമാക്കുന്നതും മത്സ്യഫെഡിന്റെ ചുമതലയാണ്.

12. കരാറിന്റെ കാലാവധി ഒരു വർഷമായിരിക്കും. എന്നാൽ ഒരു മാസം മുൻപ് അറിയിപ്പ് നൽകി യാതൊരു കാരണവും കൂടാതെ കരാർ റദ്ദാക്കാനുള്ള അധികാരം മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

13. വാഹനം നല്ല പ്രവർത്തനക്ഷമതയുള്ളതും, എയർ കണ്ടീഷനർ, വൃത്തിയുള്ള സീറ്റ് കവറുകൾ എന്നിവ ഉള്ളതുമായിരിക്കണം. കൂടാതെ മത്സ്യഫെഡ് നിർദ്ദേശിക്കുന്ന പ്രകാരം മോട്ടോർ വാഹന നിയമത്തിൽ അനുശാസിക്കുന്ന പ്രകാരം വാഹനത്തിൽ ബോർഡ് ഉണ്ടായിരിക്കേണ്ടതാണ്.

14. കരാർ വാഹനം കേരളത്തിൽ രജിസ്ട്രേഷൻ ചെയ്തതും, കരാർ കാലാവധിയിൽ വാഹനത്തിന് പൂർണ്ണ ഇൻഷുറൻസ് പരിരക്ഷ ഉണ്ടായിരിക്കേണ്ടതുമാണ്.

15. വാഹനം മോട്ടോർ വാഹന വകുപ്പിന്റെ കരിമ്പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതാകണം.

16. ക്വട്ടേഷനിൽ ആവശ്യപ്പെട്ടിരിക്കുന്ന പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാത്തതും, കൃത്യമായ രേഖകൾ കൃത്യ സമയത്തു ഹാജരാക്കാത്തതുമായ ക്വട്ടേഷനുകൾ നിരസിക്കുന്നതുമാണ്.

17. ഏതെങ്കിലും കാരണത്താൽ വാഹനം ലഭ്യമാകാത്ത സാഹചര്യത്തിൽ പകരം അതേ തരത്തിലുള്ള വാഹനം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം മത്സ്യഫെഡ് അതേ തരത്തിലുള്ള വാഹനം എടുക്കുന്നതാണ്. അതിന്റെ മുഴുവൻ ചെലവും കരാറുകാരൻ വഹിക്കേണ്ടതുമാണ്.

18. കരാർ അടിസ്ഥാനത്തിലുള്ള വാഹനത്തിന്റെ വാടക തൊട്ടടുത്ത് വരുന്ന മാസത്തിൽ സ്ഥാപനത്തിന്റെ / ഉടമസ്ഥന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതായിരിക്കും.

19. സേവന ദാതാവ് താഴെ പറയുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.
    a) സേവനം നൽകുന്ന സ്ഥാപനം/വ്യക്തിക്ക് ജി.എസ്.ടി രജിസ്ട്രേഷൻ, പാൻ കാർഡ് എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.
    b) മത്സ്യഫെഡിൽ കരാർ പ്രകാരം നൽകിയ വാഹനം കരാർ നിലനിൽക്കുന്ന സമയത്ത് പിരിയോഡിക് സർവ്വീസ്, അറ്റകുറ്റപണികൾ എന്നിവക്ക് അല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് കരാർ ലംഘനമായി കണക്കാക്കുന്നതാണ്.
    c) വാഹനത്തിന്റെ ആർ. സി ബുക്ക്, പൊല്യൂഷൻ സർട്ടിഫിക്കറ്റ്, ഇൻഷുറൻസ് പോളിസി എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അധികാരപ്പെട്ട ഉദ്യോഗസ്ഥന് നൽകേണ്ടതാണ്.
    d) ക്വട്ടേഷൻ നടപടി സമയത്ത് നൽകുന്ന വിവരങ്ങളുടെ കൂടെ ലഭ്യമാക്കുന്ന വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
    e) കരാർ രേഖയിൽ പ്രതിപാദിക്കുന്ന വാഹനം മാനേജിംഗ് ഡയറക്ടറുടെ മുൻകൂർ രേഖാ മൂലമുള്ള അനുമതിയില്ലാതെ മാറ്റുവാൻ പാടുള്ളതല്ല.

20. കരാർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം അനുമതി ലഭിച്ച് ഒരാഴ്ച്ചയ്ക്കുള്ളിൽ 500 രൂപ മൂല്യമുള്ള സ്റ്റാമ്പ് പേപ്പറിൽ നിർദ്ദിഷ്ട മാതൃകയിൽ കരാറിലേർപ്പെടേണ്ടതാണ്.
21. കരാർ സംബന്ധിച്ച് തർക്കമുണ്ടാകുന്ന പക്ഷം കോടതി വ്യവഹാരം മത്സ്യഫെഡ് ഓഫീസ് സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലുള്ള കോടതിയിലായിരിക്കുന്നതാണ്.
22. യാതൊരു കാരണവും കൂടാതെ കരാർ റദ്ദാക്കുന്നതിനുള്ള അധികാരം മത്സ്യഫെഡിന് ഉണ്ടായിരിക്കുന്നതാണ്.
23. കരാർ വ്യവസ്ഥകളും, നിബന്ധനകളും കൃത്യമായി പാലിക്കേണ്ടതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം യാതൊരറിയിപ്പും കൂടാതെ കരാർ കാലാവധിയ്ക്കുള്ളിൽ കരാർ റദ്ദാക്കാനുള്ള അധികാരം മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്.

മാനേജിംഗ് ഡയറക്ടർ

22/11/2024